<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2521</u> <u>27-02-2023 - ൽ മറുപടിയ്ക്ക്</u>

<u>നെയ്ത്തുകാർക്ക് നൽകാനുള്ള കുടിശിക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ ഏത് ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം നിലവിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും 2 ജോഡി വീതം കൈത്തറി സ്കൂൾ യൂണിഫോം തുണി നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നെയ്ത്തുകാർക്ക് കൂലി ഇനത്തിൽ നാളിതുവരെ നൽകാനുള്ള കുടിശിക എത്രയാണെന്നും ഏത് മാസം വരെയുള്ള കൂലിയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; കുടിശിക തീർത്ത് കൂലി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ബി) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് 2022 നവംബർ മാസം വരെയുള്ള നെയ്ത്ത് കൂലി വിതരണം ചെയ്തിട്ടുണ്ട്. നവംബറിന് ശേഷമുള്ള കൂലി തീർത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ